# അക്കാദമിക
# മാസ്റ്റർ പ്ലാൻ
# 2025-26

---

ജി. എച്ച്. ഡബ്ല്യു. എൽ. പി
സ്കൂൾ ആനക്കര

# ആമുഖം

പാലക്കാട് ജില്ലയിൽ ആനക്കര പഞ്ചായത്തിലെ പുറമതിൽശ്ശേരിയിൽ സ്ഥിതി ചെയ്യുന്ന സർക്കാർ എൽ. പി. സ്കൂളാണിത്. ഹരിജൻ വിഭാഗത്തിൽ പെട്ട കുട്ടികൾക്ക് വിദ്യാഭ്യാസം ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടെ ശ്രീ. എ.വി. ഗോവിന്ദമേനോൻ 1945 ൽ സ്ഥാപിച്ചതാണ് ഈ വിദ്യാലയം. 1963 ൽ വിദ്യാഭ്യാസ വകുപ്പ് ഏറ്റെടുത്തതോടെ ഇവിടെ മറ്റു വിഭാഗങ്ങളിലെ കുട്ടികളും പഠനത്തിന് എത്തിത്തുടങ്ങി. ഇപ്പോഴും ഈ പ്രദേശത്തെ പിന്നോക്ക വിഭാഗങ്ങളുടെ പഠനത്തിന് ഏക ആശ്രയമാണ് ഈ വിദ്യാലയം.

## ഗുണനിലവാരമുള്ള വിദ്യാഭ്യാസം

മുൻനിർത്തി പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ഭൗതിക അക്കാദമിക രംഗത്ത് ശക്തമായ ഇടപെടലുകൾ വേണ്ടതിന്റെ ഭാഗമായി അക്കാദമിക മാസ്റ്റർപ്ലാൻ വളരെ നല്ല രീതിയിൽ നമ്മുടെ വിദ്യാലയത്തിൽ മുൻവർഷങ്ങളിൽ തയ്യാറാക്കിയിരുന്നു. ഈ വർഷവും അത് തുടരാനും സമഗ്ര ഗുണമേൻമാ വിദ്യാഭ്യാസം മുന്നിൽ കണ്ടു കൊണ്ട് തുല്യതയും ഗുണനിലവാരവുമുള്ള മികച്ച വിദ്യാഭ്യാസം എല്ലാ കുട്ടികൾക്കും നേടിയെടുക്കാൻ അക്കാദമിക മാസ്റ്റർ പ്ലാൻ സമഗ്രമായി തയ്യാറാക്കിയിട്ടുണ്ട്.

# പ്രധാന ഊന്നൽ മേഖല

## വായന

### ലക്ഷ്യം

ഓരോ ക്ലാസിലും കുട്ടി നേടേണ്ട ശേഷികൾ നേടിയെന്ന് ഉറപ്പു വരുത്തുക.

പ്രവർത്തന രീതി

ചിത്രകാർഡുകൾ, പദകാർഡുകൾ, പദകേളികൾ എന്നീ പ്രവർത്തനങ്ങളിലൂടെ അക്ഷരങ്ങൾ, ചിഹ്നങ്ങൾ എന്നിവ ഉറപ്പിക്കൽ, കഥാചാർട്ടുകൾ, വായനാകാർഡുകൾ, കഥാപുസ്തകങ്ങൾ, ICT സാധ്യതകൾ എന്നിവ ഉപയോഗപ്പെടുത്തി ശ്ലോകങ്ങൾ ചിത്രപ്രദർശനം വായന മെച്ചപ്പെടുത്തൽ. ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി എന്നിവ പരമാവധി

ഉപയോഗപ്പെടുത്തലും വിപുലീകരണവും.

ഗ്രാമീണ വായനശാലകളിൽ അംഗത്വം എടുക്കൽ.

പത്രവായന (ക്ലാസിലും അസംബ്ലിയിലും)

പുസ്തക പരിചയം, വായനാക്കുറിപ്പ്, മികച്ച വായനക്കാരനെ കണ്ടെത്തൽ. ഫീൽഡ് ട്രിപ്പ് നടത്തി വായനക്കാരനെ കണ്ടെത്തൽ യാത്രാ വിവരണം തയ്യാറാക്കൽ. ഇ-വായന പ്രയോജനപ്പെടുത്തൽ.

## കാലയളവ്

ജൂൺ മുതൽ മാർച്ച് വരെ

## പ്രവർത്തനങ്ങൾ

### (1) ഒന്നൊരുക്കം

ലക്ഷ്യം: ഒന്നാം ക്ലാസിലെ കുട്ടികളെ പഠനത്തിന് സജ്ജരാക്കുക.

പ്രവർത്തനരീതി

കഥാവേളകൾ, പാട്ട്, കളികൾ,

ഉദാ: പരീക്ഷണങ്ങൾ, ചിത്രം വര, നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങിയ വിവിധ പ്രവർത്തനങ്ങളിലൂടെ കുട്ടികളെ പഠനത്തിന് സജ്ജരാക്കുന്നു.

കാലയളവ്

ജൂൺ - രണ്ടാം വാരം വരെ

② കൂട്ടുകാരനൊരു വൃക്ഷത്തൈ

ലക്ഷ്യം

പരിസ്ഥിതി സംരക്ഷണത്തിന്റെ പ്രാധാന്യം മനസ്സിലാക്കൽ.

പ്രവർത്തന രീതി

ജൂൺ-5 പരിസ്ഥിതി ദിനത്തിൽ എല്ലാ കുട്ടികളും ഒരു വൃക്ഷത്തൈ കൊണ്ടു വരുന്നു. അത് കൂട്ടുകാരന് കൈ മാറുന്നു. കുട്ടികൾ അത് അവരവരുടെ വീടുകളിൽ നട്ടു പിടിപ്പിക്കുന്നു. കൂടാതെ സ്കൂൾ കെട്ടിടത്തിന് ഭീഷണിയാകാത്ത രീതിയിൽ സ്കൂൾ പരിസരത്തും

ചെടികൾ വച്ചു പിടിപ്പിക്കുന്നു.

കാലയളവ്

ജൂൺ 5 ന്. വളർച്ചാ പുരോഗതി മാർച്ച് വരെ

③ ക്ലാസ് ഒരു വായനക്കൂട് - വീട് ഒരു വായനക്കൂട്

ലക്ഷ്യം: വായന

ഓരോ ക്ലാസിലും ക്ലാസ് ലൈബ്രറി സജ്ജീകരിക്കുന്നു. അതിനോടൊപ്പം ഓരോ കുട്ടിയും തന്റെ വീട്ടിലും ഒരു ലൈബ്രറി സജ്ജീകരിക്കുന്നു.

കാലയളവ്

ജൂൺ മുതൽ മാർച്ച് വരെ

④ അമ്മവായന

ലക്ഷ്യം

അമ്മമാരിലും വായനയെ പ്രോത്സാഹിപ്പിക്കൽ

പ്രവർത്തനരീതി

വായനാ ദിനത്തിൽ പുസ്തക പ്രദർശനത്തിലേക്ക് അമ്മമാരെയും ക്ഷണിക്കുന്നു. സ്കൂൾ ലൈബ്രറിയിൽ നിന്ന് അമ്മമാർ അവർക്ക് ഇഷ്ടപ്പെട്ട പുസ്തകം വായിക്കാനായി

തിരഞ്ഞെടുക്കുന്നു. എല്ലാ വെള്ളിയാഴ്ചകളിലും അമ്മമാർക്ക് പുസ്തകം മാറിയെടുക്കാവുന്നതാണ്

കാലയളവ് : ജൂൺ മുതൽ മാർച്ച് വരെ

(5) ശ്രദ്ധ

ലക്ഷ്യം

പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേകം പ്രവർത്തനങ്ങൾ

പ്രവർത്തന രീതി

എല്ലാ ക്ലാസിലെയും പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തുന്നു. അവർക്ക് പ്രത്യേകം ശ്രദ്ധ കൊടുത്തുകൊണ്ട് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് മുന്നോട്ട് കൊണ്ടുവരുന്നു

കാലയളവ്:

(6) സല്ലാപം

ലക്ഷ്യം: കുട്ടികളിൽ സർഗാത്മകത/വിജ്ഞാനം എന്നിവ പരിപോഷിപ്പിക്കൽ

പ്രവർത്തന രീതി

വ്യത്യസ്ത മേഖലകളിലെ പ്രതിഭകളെ

സ്കൂളിലേക്ക് ക്ഷണിച്ച് കുട്ടികളുമായി സംവദി-
ക്കാനുള്ള അവസരം നൽകുന്നു.

കാലയളവ്: ജൂൺ മുതൽ മാർച്ച് വരെ

① ആരോഗ്യം - Zoomba

ലക്ഷ്യം: കുട്ടികളുടെ ശാരീരിക ചാലക വികാസം

പ്രവർത്തന രീതി

എല്ലാ ദിവസവും കുട്ടികൾക്ക് ക്ലാസിൽ Zoomba ചെയ്യാനുള്ള അവസരം നൽകുന്നു. കൂടാതെ വിവിധ വ്യായാമങ്ങൾ, വിവിധ കളികൾ, യോഗ, മറ്റു മത്സരങ്ങൾ എന്നിവ സംഘടിപ്പിക്കൽ

⑧ ശുചിത്വ ക്യാമ്പസ്

ലക്ഷ്യം: ശുചിത്വമുള്ള വിദ്യാലയാന്തരീക്ഷം ഒരുക്കൽ.

പ്രവർത്തനരീതി

ബോധവൽക്കരണം

കുട്ടികളോട് കഴിവതും പ്ലാസ്റ്റിക് വസ്തുക്കൾ കൊണ്ടു വരാതിരിക്കാൻ നിർദ്ദേശം നൽകൽ, അജൈവ മാലിന്യങ്ങൾ സ്കൂളിൽ നിക്ഷേപിക്കാതി-

റിക്കൽ, കുട്ടികൾ കൊണ്ടു വരുന്ന പ്ലാസ്റ്റിക്
കവറുകൾ തിരിച്ചു വീട്ടിലേക്ക് കൊണ്ടുപോകൽ
സ്കൂളിലെ പ്ലാസ്റ്റിക് കവറുകൾ കൃത്യമായി
ഹരിതകർമ്മസേനയെ ഏൽപ്പിക്കൽ

(9) ലിറ്റിൽ സയന്റിസ്റ്റ്

ലക്ഷ്യം

കുട്ടികളിൽ ശാസ്ത്രാവബോധം വളർത്തൽ

പ്രവർത്തനരീതി

മാസത്തിലൊരു ദിവസം പരീക്ഷണമേള സംഘടിപ്പിക്കൽ. പരമാവധി എല്ലാ ക്ലാസുകളിലേയും പങ്കാളിത്തം ഉറപ്പു വരുത്തൽ.

(10) ~~E-Cube~~ സുഭിക്ഷം

ലക്ഷ്യം

കുട്ടികളിൽ കാർഷിക വൃത്തിയോടുള്ള താൽപര്യം വർധിപ്പിക്കുക, ജൈവ പച്ചക്കറി ഉൽപാദനത്തെ പ്രോത്സാഹിപ്പിക്കുക.

പ്രവർത്തനരീതി

ഓരോ കുട്ടിയും അവരവരുടെ വീടുകളിൽ ഏതെങ്കിലും [illegible] പച്ചക്കറികൃഷി -

ഗ്രാമ, കറിവേപ്പ്, മുരിങ്ങ നടത്തുക. വിദ്യാലയ-ത്തിൽ ഓരോ കുട്ടിയും 'എന്റെ മരം' എന്ന പേരിൽ തങ്ങളുടേതായ ഒരു തൈ നട്ട് പരിപാലിക്കുക.

കാലയളവ്

ജൂൺ മുതൽ

(11) ഒപ്പം - കടയിലേക്ക്

ലക്ഷ്യം : കുട്ടികളിൽ ഗണിത ശേഷികൾ (പ്രശ്നാ-പഗ്രഥനം, മതിപ്പ്, തൂക്കം, ഒത്തുനോക്കൽ, അടി-സ്ഥാന ശേഷികൾ) വർദ്ധിപ്പിക്കൽ

പ്രവർത്തന രീതി

വീട്ടിലെ മുതിർന്നവരുടെ സഹായത്തോടെ കടയിലേക്ക് പോകൽ. രക്ഷിതാക്കളുടെ മേൽ-നോട്ടത്തോടെ കുട്ടികൾ തന്നെ സാധനങ്ങൾ വാങ്ങൽ, വില കണക്കാക്കി വാങ്ങൽ, ബാക്കിവാങ്ങൽ

കാലയളവ് : മൂന്നാം ടേം

(12) My English

ലക്ഷ്യം : കുട്ടികളിൽ ഇംഗ്ലീഷിനോട് താൽപര്യം

വർദ്ധിപ്പിക്കുക, vocabulary വർദ്ധിപ്പിക്കുക,
Communication skill വളർത്തുക.

**പ്രവർത്തനരീതി**

പാഠഭാഗത്തു നിന്ന് ഒരു പുതിയ പദം തെരഞ്ഞെടുത്ത് ഡിക്ഷണറിയുടെ സഹായത്തോടെ അർത്ഥം കണ്ടെത്തി, സ്പെല്ലിംഗ് പഠിച്ച്, ശരിയായ ഉച്ചാരണത്തോടെ, വ്യത്യസ്ത wordweb കൾ നിർമ്മിച്ച്, sentence ഉണ്ടാക്കി അവതരിപ്പിക്കൽ.

**കാലയളവ്**

ജൂലൈ മുതൽ മാർച്ച് വരെ

**(13) ഊർജ്ജസംരക്ഷണം**

**ലക്ഷ്യം:** ഊർജ്ജസംരക്ഷണത്തിന്റെ പ്രാധാന്യം മനസ്സിലാക്കുക.

**പ്രവർത്തനരീതി**

കുട്ടികൾ ജൂൺ മാസത്തിലെ വൈദ്യുതബിൽ എത്രയെന്ന് അന്വേഷിച്ചു രേഖപ്പെടുത്തുന്നു. കുട്ടികൾക്ക് ഊർജ്ജസംരക്ഷണത്തിന്റെ പ്രാധാന്യം അതിനുള്ള മാർഗങ്ങൾ എന്നിവയെ കുറിച്ച്

ബോധവൽക്കരണ ക്ലാസ് നൽകുന്നു. അടുത്ത മാസത്തെ വൈദ്യുത ബിൽ കുറയ്ക്കാനുള്ള ശ്രമങ്ങൾ കുട്ടികൾ ഏറ്റെടുക്കുന്നു. ലക്ഷ്യം കൈവരിക്കുന്നവർക്ക് പ്രോത്സാഹന സമ്മാനങ്ങൾ നൽകുന്നു. മാർച്ച് മാസം വരെ ഇത് തുടരുന്നു.

<u>കാലയളവ്</u>: ജൂൺ മുതൽ മാർച്ച് വരെ

(14) <u>ഗണിതം മധുരം</u>

<u>ലക്ഷ്യം</u>: ഗണിത താൽപര്യം വർധിപ്പിക്കുക.

<u>പ്രവർത്തനരീതി</u>

ഗണിത ലാബ് സജ്ജീകരിക്കുന്നു. ഗണിതരൂപങ്ങൾ തയ്യാറാക്കുന്നതിനുള്ള പരിശീലനം നൽകുന്നു. ഗണിത കിറ്റുകൾ ഓരോ കുട്ടിക്കും തയ്യാറാക്കുന്നു. മാസത്തിലൊരിക്കൽ ഗണിത പ്രശ്നോത്തരി നടത്തുന്നു. ഗണിത മാഗസിൻ തയ്യാറാക്കുന്നു. ഗണിത മേള പ്രദർശനം നടത്തുന്നു.

<u>കാലയളവ്</u>: ആഗസ്റ്റ് മുതൽ മാർച്ച് വരെ

(15) <u>പാചകമേള</u>

<u>ലക്ഷ്യം</u>: വിവിധ ഭക്ഷ്യരുചികൾ, രുചിക്കൂട്ടുകൾ എന്നിവ പരിചയപ്പെടുന്നതിന്

പ്രവർത്തന രീതി

പലഹാരമേള നടത്തുന്നു. കുട്ടികൾ വീടുകളിൽ നിന്ന് വിവിധ പലഹാരങ്ങൾ ഉണ്ടാക്കി കൊണ്ടുവരുന്നു. ഉണ്ടാക്കുന്ന വിധം മനസ്സിലാക്കി വരുന്നു. പാചകക്കുറിപ്പ് സഹിതം പ്രദർശനം നടത്തുന്നു. മൂന്നാം ടേമിൽ സ്കൂളിൽ / ക്ലാസിൽ ഒരു സദ്യ നടത്തുന്നു. ഉൾക്കുട്ടി തീരുമാനിച്ച പ്രകാരം ഓരോരുത്തർ ഓരോ വിഭവങ്ങൾ വീട്ടിൽ നിന്ന് തയ്യാറാക്കി വരുന്നു. സദ്യ നടത്തുന്നു.

(6) സിനിമാ പ്രദർശനം

ലക്ഷ്യം: സിനിമകൾ കണ്ട് ആസ്വദിക്കുന്നതിനും ആ മാധ്യമത്തെ അടുത്തറിയുന്നതിനുമുള്ള അവസരം നൽകൽ.

പ്രവർത്തന രീതി: പ്രൈമറി ടി.വി അല്ലെങ്കിൽ സ്മാർട്ട് ക്ലാസ് ഉപയോഗപ്പെടുത്തി ഓരോ ടേമിൽ ഒരു സിനിമ (കുട്ടികൾക്കനുയോജ്യമായത്) പ്രദർശിപ്പിക്കുന്നു,

# മറ്റു പ്രവർത്തനങ്ങൾ

## പാട്ടരങ്ങ്

ഓരോ ടേമിന്റെയും അവസാനത്തിൽ ഒന്നാം ക്ലാസിലെ കുട്ടികളുടെ പാട്ടരങ്ങ് സംഘടിപ്പിക്കുന്നു.

## രചനോത്സവം

കുട്ടികളുടെ സ്വന്തം രചനകൾ ഉൾപ്പെടുത്തി രചനോത്സവം നടത്തുന്നു.

## റീഡേഴ്സ് തിയേറ്റർ

രണ്ടാം ടേമിൽ കുട്ടികൾ ഭാവം ഉൾക്കൊണ്ട് വിവിധ കഥാപാത്രങ്ങളായി കഥകൾ വായിച്ച് അവതരിപ്പിക്കുന്നു.

## ക്വിസ്

ദിനാചരണങ്ങളോടനുബന്ധിച്ച് വിവിധ ക്വിസ് മത്സരങ്ങൾ സംഘടിപ്പിക്കൽ

## ക്ലബ്ബുകൾ

വെള്ളി ഉച്ചഭക്ഷണ ഇടവേളകളിൽ ക്ലബ്ബ് പ്രവർത്തനങ്ങൾ നടത്തുന്നു.

## സ്കൂൾ പച്ചക്കറിത്തോട്ടം

സ്കൂളിലെ പച്ചക്കറിത്തോട്ടം കുട്ടികളുടെ

പങ്കാളിത്തത്തോടെ വിപുലീകരിക്കൽ. ഇതിന്റെ പരിപാലനം കുട്ടികളെത്തന്നെ ഏൽപ്പിക്കൽ. ഇതിലൂടെ സ്കൂൾ തോട്ടങ്ങളിലേക്കുള്ള വിഭവങ്ങൾ സമാഹരിക്കൽ.

## ചുമതല

അധ്യാപകർ, SRG, PTA, MTA, SMC, SSG തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ, പൂർവ്വ വിദ്യാർത്ഥികൾ, വിവിധ വകുപ്പുകൾ, സന്നദ്ധ സംഘടനകൾ, പ്രാദേശിക സഹായങ്ങൾ